"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

വ്യവസായ വകുപ്പ് - 2024 സീസണിലെ കശുവണ്ടി സംഭരണം - നാടൻ തോട്ടണ്ടിയുടെ ഉയർന്ന വില കിലോഗ്രാമിന് 105/- രൂപയായി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (കെ) വകുപ്പ്

സ.ഉ.(സാധാ) നം.484/2024/ID തീയതി,തിരുവനന്തപുരം, 22-06-2024

---

പരാമർശം:- നാടൻ തോട്ടണ്ടി വില നിർണ്ണയ സമിതിയുടെ 11/03/2024 തീയതിയിൽ നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പുകൾ.

<u>ഉത്തരവ്</u>

സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്ലാന്റേഷനുകൾ/ഫാമുകൾ, കൂടാതെ കർഷകർ, സഹകരണ സൊസൈറ്റികൾ എന്നിവിടങ്ങളിൽ നിന്നും കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സും സംഭരിക്കുന്ന തോട്ടണ്ടിയ്ക്ക് നൽകേണ്ട വില നിർണ്ണയിക്കുന്നതിന് രൂപീകരിച്ച വില നിർണ്ണയ സമിതി 2024 സീസണിൽ സംഭരിക്കുന്ന നാടൻ തോട്ടണ്ടിയുടെ വില നിശ്ചയിക്കുന്നതിന് പരാമർശം 1 പ്രകാരം വില നിർണ്ണയ സമിതി യോഗം ചേരുകയും കിലോഗ്രാമിന് 105/- രൂപ വില നിശ്ചയിച്ച് തീരുമാനം കൈക്കൊണ്ടിരുന്നു.

2. തോട്ടണ്ടി വില നിർണ്ണയ സമിതിയുടെ മേൽ യോഗതീരുമാന പ്രകാരം, 2024 കശുവണ്ടി സീസണിൽ കൃഷി, പട്ടിക ജാതി-പട്ടിക വർഗ്ഗ വികസനം, ജയിൽ എന്നീ വകുപ്പുകളുടെ കീഴിലുള്ള പ്ലാന്റേഷനുകളിൽ നിന്നും ഫാമുകളിൽ നിന്നും മറ്റ് ഇതര വകുപ്പുകളുടെ കീഴിലുള്ള സ്ഥലങ്ങളിൽ നിന്നും, കൂടാതെ സഹകരണ സംഘങ്ങൾ, കർഷകർ എന്നിവരിൽ നിന്നും കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും (KSCDC) കാപ്പക്സും സംഭരിക്കുന്ന നാടൻ തോട്ടണ്ടിയുടെ ഉയർന്ന വില 11/03/2024 മുതൽ പ്രാബല്യത്തിൽ കിലോഗ്രാമിന് 105/- രൂപ ആയി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിജു ജേക്കബ്
ജോയിന്റ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ, കൊല്ലം.
മാനേജിംഗ് ഡയറക്ടർ, കാപ്പക്സ്, കൊല്ലം.
സ്പെഷ്യൽ ഓഫീസർ & ചെയർമാൻ, കശുമാവ് കൃഷി വികസന ഏജൻസി, കൊല്ലം.
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള കാഷ്യു ബോർഡ് ലിമിറ്റഡ്, തിരുവനന്തപുരം.
ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാർ.
ഡയറക്ടർ, ജയിൽ വകുപ്പ്, തിരുവനന്തപുരം.
വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ ജനറൽ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, വഴുതക്കാട്, തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും.

കൃഷി/ആഭ്യന്തര/പട്ടികജാതി-പട്ടികവർഗ്ഗവികസന/ആസൂത്രണ സാമ്പത്തിക കാര്യ/ധന വകുപ്പുകൾ.

ഡയറക്ടർ, വിവര-പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. കെ2/16/2024/വ്യവ.).

ഉത്തരവിൻ പ്രകാരം

Signed by

Susan Thomas

സെക്ഷൻ ഓഫീസർ

Date: 22-06-2024 12:18:20